**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പാലം ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറിയായി ജോലി ചെയ്തിരുന്ന ശ്രീ റ്റി പി രാഘവനെതിരെയുള്ള റവന്യൂ റിക്കവറി നടപടികൾക്ക് ആധാരമായ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ 1997-98 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകളായ 34, 36(3), 41 എന്നിവ പ്രകാരം തടസ്സപ്പെടുത്തിയ 81,553/- രൂപയുടെ (എൺപത്തി ഒന്നായിരത്തി അഞ്ഞൂറ്റി അൻപത്തി മൂന്ന് രൂപ മാത്രം) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശ സ്വയം ഭരണ (എ ബി) വകുപ്പ്

സ.ഉ(സാധാ) നം.1311/2017/തസ്വഭവ തിരുവനന്തപുരം,തീയതി 25/04/2017

**പരാമർശം :** 1. ശ്രീ റ്റി പി രാഘവൻ സർക്കാരിൽ സമർപ്പിച്ച 31/07/2014, 25/05/2015 എന്നീ തീയതികളിലെ നിവേദനം.

2. സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 17/02/2017 തീയതിയിലെ കെ എസ്സ് എ 5228/പി റ്റി 3/2016 നമ്പർ കത്ത്.

3. തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16/07/2015 -ലെ കത്ത് നം. എസ് 1/1348/15.

4. പഞ്ചായത്ത് ഡയറക്ടറുടെ 11/04/2016 തീയതിയിലെ എം3- 24977/2015 നമ്പർ കത്ത്.

## ഉത്തരവ്

മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറിയായി ജോലി ചെയ്തിരുന്ന ശ്രീ ടി പി രാഘവൻ ടിയാനെതിരെയുള്ള റവന്യൂ റിക്കവറി നടപടികൾ ഒഴിവാക്കി കിട്ടുന്നതിനായി പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. തുടർന്ന് റവന്യൂ വകുപ്പ് ടിയാനെതിരെയുളള റവന്യൂ റിക്കവറി നടപടികൾ ആദ്യം 3 മാസത്തേയ്ക്കും തുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പരിഗണനയിലുളള, ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനായുളള സാധൂകരണ അപേക്ഷയിൽ തീരുമാനമാകുന്നതുവരെയും സ്റ്റേ ചെയ്തിരുന്നു. സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ 1997-98 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകളായ 34, 35(1), 36(2), 41 എന്നിവ പ്രകാരം സർചാർജ്ജ് ചെയ്തിട്ടുള്ള 1,01,553/- രൂപയ്ക്ക് (ഒരു ലക്ഷത്തി ഒരായിരത്തി അഞ്ഞൂറ്റി അൻപത്തി മൂന്ന് രൂപ മാത്രം) ടിയാനെതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിരുന്നെങ്കിലും ഖണ്ഡിക 35(1), 36(2) എന്നിവയിലെ ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ടെന്നും ഇനിയും അവശേഷിക്കുന്ന ഖണ്ഡികകളായ 34, 36(3), 41 എന്നിവ പ്രകാരം തടസ്സപ്പെടുത്തിയ 81,553/- രൂപയുടെ (77350+2000+2203) റവന്യൂ റിക്കവറിയിന്മേൽ സർക്കാരിന് യുക്തമായ തീരുമാനമെടുക്കാമെന്നും പരാമർശം 2 കത്ത് പ്രകാരം സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ അറിയിച്ചിരുന്നു.

2) പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 34 പ്രകാരം, 240 കുടുംബങ്ങൾക്ക് തയ്യൽമെഷീൻ വിതരണം ചെയ്തതിൽ 79 ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം പിരിക്കാതിരുന്നതിനാൽ കുറവ് വന്ന 77,350/- രൂപയാണ് ഓഡിറ്റ് തടസ്സപ്പെടുത്തിയത്. ജനകീയാസൂത്രണത്തിന്റെ ആദ്യ വർഷപദ്ധതിയിലാണ് ഇപ്രകാരം വീഴ്ച സംഭവിച്ചതെന്നും ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചശേഷം ഗുണഭോക്തൃവിഹിതം തിരിച്ച്

പിടിയ്ക്കാൻ നടപടി സ്വീകരിച്ചെങ്കിലും ഗുണഭോക്താക്കൾ തുക അടയ്ക്കാൻ കൂട്ടാക്കിയില്ലെന്നും ടി ഗുണഭോക്താക്കൾ ഇപ്പോഴും തയ്യൽ തൊഴിൽ ജീവനോപാധിയായി തുടർന്നു വരുന്നവരും ദരിദ്രരുമാകയാൽ ഇത്രയും വർഷങ്ങൾക്ക് ശേഷം ഗുണഭോക്താക്കളിൽ നിന്നും തുക ഈടാക്കുക പ്രായോഗികമല്ലായെന്നും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പരാമർശം 3 പ്രകാരം അറിയിച്ചിരുന്നു. റിപ്പോർട്ടിലെ ഖണ്ഡിക 36(3) -ൽ പരാമർശിച്ച 2000/- രൂപ 2 ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മാണത്തിന് ഒന്നാം ഗഡുവായി അനുവദിച്ചതാണെന്നും നിർമ്മാണം പൂർത്തിയാക്കി 2-ാം ഗഡു വാങ്ങാത്തതിനാലാണ് ആദ്യ ഗഡു ഓഡിറ്റിൽ തടസ്സപ്പെടുത്തിയതെന്നും പിന്നീട് 2 ഗുണഭോക്താക്കളും കക്കൂസ് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 41 പ്രകാരം, 'കോഴിക്കോട് പാലത്തിന് സമീപം കൊയപ്പത്തോടിന് പാർശ്വഭിത്തി പണിയൽ' പദ്ധതിയിൽ പ്രസ്തുത പ്രവൃത്തിയുടെ കൺവീനർക്ക് അധികമായി അനുവദിച്ച 2203/- രൂപയാണ് തടസ്സപ്പെടുത്തിയിട്ടുള്ളതെന്നും ടി തുകയും പലിശയും കൺവീനറിൽ നിന്നും ഈടാക്കാൻ ശ്രമം നടത്തിയെങ്കിലും വിജയിച്ചില്ലെന്നും ടിയാൻ ഇപ്പോൾ ജീവിച്ചിരിപ്പില്ലെന്നും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടിട്ടുണ്ട്. 2006 -ൽ സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ ടി പി രാഘവൻ യാതൊരു പണാപഹരണവും നടത്തിയിട്ടില്ലെന്നും സത്യസന്ധമായി സ്വന്തം ചുമതലകൾ നിറവേറ്റിയിരുന്നെന്നും വാർദ്ധക്യസഹജമായ രോഗങ്ങളാൽ ബുദ്ധിമുട്ടുന്ന ടിയാന്റെ ഏക ആശ്രയം പെൻഷൻ തുക മാത്രമാണെന്നുള്ള മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം 4 കത്ത് പ്രകാരം അറിയിച്ചിരുന്നു.

3) ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പദ്ധതി നിർവ്വഹണം നടന്ന് നീണ്ട 20 വർഷത്തിന് ശേഷം ഗുണഭോക്താക്കളിൽ നിന്നോ സർവ്വീസിൽ നിന്നും വിരമിച്ചതും വാർദ്ധക്യസഹജമായ രോഗാവസ്ഥയിലുള്ളതുമായ മുൻ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നോ പ്രസ്തുത തുക ഈടാക്കുന്നത് പ്രായോഗികവും യുക്തിസഹവും മാനുഷികവുമായി സർക്കാർ കരുതുന്നില്ല. മേൽ സാഹചര്യത്തിൽ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ 1997-98 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകളായ 34, 36(3), 41 എന്നിവ പ്രകാരം തടസ്സപ്പെടുത്തിയ 81,553/- രൂപയുടെ (എൺപത്തി ഒന്നായിരത്തി അഞ്ഞൂറ്റി അൻപത്തി മൂന്ന് രൂപ മാത്രം) ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ശ്രീകുമാർ ടി
ഡെപ്യൂട്ടി സെക്രട്ടറി

കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത്, മലപ്പുറം
ശ്രീ ടി പി രാഘവൻ, താഴെ പുതിയോട്ടിൽ വീട്, തിരുവങ്ങൂർ പി ഒ, കൊയിലാണ്ടി(via), കോഴിക്കോട്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
റവന്യൂ (എച്ച്) വകുപ്പ്
വെബ് & ന്യൂ മീഡിയ, വിവര -പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ